LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ (2016 ജനുവരിയിലെ കണക്കുപ്രകാരം) ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ഉദ്യോഗപ്പേര്	ഒഴിവുകളുടെ എണ്ണം
1	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ(ഇലക്ട്രിക്കൽ)	8
2	അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ)	14
3	സീനിയർ സൂപ്രണ്ട്	13
4	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	3
5	സബ് എൻജിനീയർ (ഇലക്ട്രിക്കൽ)	33
6	ലൈൻമാൻ	24
7	ഇലക്ട്രിസിറ്റി വർക്കർ	7
8	ഫെയർകോപ്പി അസിസ്റ്റന്റ്	2
9	ഓഫീസ് അറ്റൻഡന്റ്	1
10	പി.റ്റി.സി. സ്വീപ്പർ	26
11	ഡ്രൈവർ	9
	ആകെ	140

(ബി) ഉണ്ട്. പബ്ലിക് സർവ്വീസ് കമ്മിഷൻവഴി നിയമനം നടത്തിയും പ്രൊമോഷനുകൾ നടത്തിയും ജനറൽ ട്രാൻസ്ഫറിലൂടെയും ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ഇ.ബി. വൈദ്യുതി ലൈൻ മാറ്റിസ്ഥാപിക്കൽ

16 (401) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) എരമം-കുറ്റൂർ പഞ്ചായത്തിൽ തോക്കാട്-അതിരം-കുട്ടക്കം-വെള്ളോറ പ്രദേശത്തെ കെ.എസ്.ഇ.ബി. വൈദ്യുതി ലൈൻ മാറ്റിസ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) ട്രാൻസ്ഫോമറും വൈദ്യുതി ലൈനുകളും മാറ്റി പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമിൽ ഉൾപ്പെടുന്ന പ്രവൃത്തിയാണ് എരമം-കുറ്റൂർ പഞ്ചായത്തിൽ തോക്കാട്-അതിരം കടുക്കം വെള്ളോറ പ്രദേശത്ത് നടന്നുവരുന്നത്. വൈദ്യുതി തടസ്സം കുറയ്ക്കുന്നതിനുള്ള പ്രവൃത്തിയാണ് ഇത്. അതിരംകടുക്കം നിന്നും വെള്ളോറ വരെ ലൈൻ വലിക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തിയാക്കി കോൺട്രാക്ടർക്ക് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ട്രാൻസ്ഫോമർ ഉൾപ്പെടുന്നില്ല. 2.5 കി.മീ 11 കെ.വി. ലൈൻ നിർമ്മാണം മാത്രമാണ് ഉള്ളത്. ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കോൺട്രാക്ടർക്ക് പരമാവധി 90 ദിവസത്തെ കാലാവധിയാണ് നൽകിയിട്ടുള്ളത്.

കെ.എസ്.ഇ.ബി. ഗാർഹിക ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ്

17 (402) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഗാർഹിക ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് നടത്തുന്നത് ഏത് രീതിയിലാണ്;

(ബി) മീറ്റർ റീഡിംഗ് നടത്താൻ കഴിയാത്ത സാഹചര്യത്തിൽ ഉപഭോക്താക്കളിൽ നിന്നും പിഴ ഈടാക്കുവാൻ ഉദ്ദേശിച്ച് കെ.എസ്.ഇ.ബി. തീരുമാനം കൈക്കൊണ്ടിരുന്നോ; എങ്കിൽ ഇത് റദ്ദാക്കാനുള്ള സാഹചര്യമുണ്ടായോ; എങ്കിൽ എന്തുകൊണ്ട്;

(സി) ഇത്തരം തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് സർക്കാരിന്റെ ഏതെങ്കിലും തരത്തിലുള്ള അനുമതി ആവശ്യമാണോ; എങ്കിൽ സർക്കാർ ഈ വിഷയത്തിൽ അനുമതി നൽകിയിരുന്നോ;

(ഡി) മീറ്റർ റീഡിംഗ് നടത്തുന്നതിന് മുൻപ് റീഡിംഗ് നടത്താൻ ഉദ്ദേശിയ്ക്കുന്ന തീയതിയും സമയവും ഉപഭോക്താക്കളെ മുൻകൂട്ടി അറിയിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലായെങ്കിൽ പിഴ ഈടാക്കുന്നതു പോലെയുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് മുൻപ് ഇത്തരം കാര്യങ്ങൾ വിലയിരുത്തേണ്ടതായിരുന്നു എന്ന് സർക്കാർ കരുതുന്നില്ലേ?

ഉത്തരം

(എ) ഗാർഹിക ഉപഭോക്താക്കളിൽ 20KW കണക്കഡ് ലോഡിന് മുകളിലുള്ളവരുടെ മീറ്റർ റീഡിംഗ് പ്രതിമാസവും 20KW താഴെ കണക്കഡ് ലോഡുള്ള ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് രണ്ട് മാസത്തിലൊരിക്കലും ആണ് എടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly